LIBRARY ARCHIVES Kerala Legislative Assembly

വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

189 (5542) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) സാമ്പത്തിക ശാക്തീകരണംവഴി സ്ത്രീകളുടെ സ്വയംപര്യാപ്തത ലക്ഷ്യം വച്ചാണ് വനിതാ വികസന കോർപ്പറേഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നത്. സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള സ്ത്രീകൾക്ക് പ്രയോജനപ്പെടുന്ന രീതിയിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം, സുരക്ഷ എന്നിവയാണ് പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരിൽനിന്നും കൂടുതൽ സർക്കാർ ഗ്യാരണ്ടി നൽകുകയും കേന്ദ്ര ധനകാര്യ കോർപ്പറേഷനുകളുമായി (ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പിന്നോക്ക വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ) ലെറ്റർ ഓഫ് ഇൻഡന്റ് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തൽ

190 (5543) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്നേഹപൂർവ്വം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും അപേക്ഷ സമർപ്പിക്കേണ്ട വിധവും സംബന്ധിച്ച വിശദാംശം നൽകാമോ ;